**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2890** **13.03.2018 ൽ മറുപടിയ്ക്ക്**

## ഇടവിള കൃഷി പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) ഇടവിള കൃഷിയ്ക്കുള്ള സർക്കാർ പ്രോത്സാഹനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിനായി സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>ബി) ഇടവിള കൃഷിക്ക് ലഭ്യമായ വായ്പകളുടെ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>സി) കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഇടവിള കൃഷി പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ? | എ) & ബി) & സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഇടവിളകൃഷി പ്രോത്സാഹന പദ്ധതികൾ എല്ലാം തന്നെ കൃഷിഭവനുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിൽ സബ്സിഡി നൽകുന്നുണ്ട്. നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഒരു ഘടകമാണ് തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളകൃഷി. വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുഷ്പകൃഷി തുടങ്ങിയ ഇടവിള കൃഷി തെങ്ങിൻ തോട്ടങ്ങളിൽ പ്രചരിപ്പിച്ച് കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതിയിൽ 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6,000/- രൂപ സബ്സിഡി നൽകുന്നുണ്ട്.<br><br>കൂടാതെ കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം സംയോജിത കൃഷി സമ്പ്രദായ മാതൃകകൾക്ക് ആനുകൂല്യം നൽകുന്നുണ്ട്. 10 സെന്റിന് 10,000/- രൂപ പ്രകാരം പരമാവധി 50,000/- രൂപ വരെ ആനുകൂല്യം നൽകുന്നു.<br><br>സുഗന്ധ വ്യഞ്ജന വിളയായ ഇഞ്ചി, മഞ്ഞൾ, ജാതി , ഗ്രാമ്പൂ എന്നീ വിളകളുടെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നു.<br><br>ഇത് കൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിന്റെയും സമഗ്ര കാർഷിക വികസനത്തിനായുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പഞ്ചായത്ത് |

ഫാം പ്ലാനുകളിൽ ഇടവിളകൃഷിക്ക് പ്രാധാന്യം നൽകുന്നുണ്ട്. ഫാം പ്ലാൻ തയ്യാറാക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം 10,000/- രൂപ അനുവദിക്കുന്നുണ്ട്.

ജനകീയാസൂത്രണം പദ്ധതിയിലുൾപ്പെടുത്തി റബ്ബർ തൈകൾ വച്ച തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി, വാഴ, പൈനാപ്പിൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യാവുന്നതാണ്. ഇതിന് അനുയോജ്യമായ തോതിൽ വിവിധ വിളകൾക്കുള്ള ആനുകൂല്യത്തിന് ആനുപാതികമായി ഹെക്ടറിന് പരമാവധി 7,000/- രൂപ ആനുകൂല്യം നൽകുന്നതാണ്.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇടവിളകൃഷിയുടെ സ്വഭാവം അനുസ്സരിച്ച് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ ലഭ്യമാണ്. മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾക്ക് കേന്ദ്രസർക്കാരിന്റെ കാർഷിക വായ്പ പലിശ ഇളവ് പദ്ധതി ലഭ്യമാണ്. കൂടാതെ ഇടവിളകൃഷി ചെയ്യുന്ന തോട്ടത്തിൽ ജലസേചന സൗകര്യം, യന്ത്രവത്കരണം തുടങ്ങിയ ആവശ്യങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാണ്.

Mayaf

**സെക്ഷൻ ഓഫീസർ**